ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ മാതൃഭാഷ

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല സെനറ്റിലേക്ക്കേരള നിയമസഭാ സാമാജികരിൽ നിന്നുള്ള മൂന്ന് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്.

## വിജ്ഞാപനം

നമ്പർ.13318/ലെജിൻ 3/2021/നിസെ.

തിരുവനന്തപുരം,
15.09.2021.

കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല സെനറ്റിലേക്ക് പതിനാലാം കേരള നിയമസഭയിലെ മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുയും തുടർന്ന് സർവ്വകലാശാലയുടെ ചാൻസലർ കൂടിയായ കേരള ഗവർണ്ണറുടെ നമ്പർ GS3-636/2017 തീയതി 13.11.2018 വിജ്ഞാപനപ്രകാരം പ്രസ്തുത തീയതി മുതൽ അഞ്ചു വർഷത്തേക്ക് സെനറ്റ് പുനസംഘടിപ്പിക്കുകയും ചെയ്തിരുന്നു. മേൽസൂചിപ്പിച്ച മൂന്ന് അംഗങ്ങൾ പതിനഞ്ചാം കേരള നിയമസഭയിൽ അംഗമല്ലായെന്ന സാഹചര്യം പരിഗണിച്ച് കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല ആക്റ്റിലെ അദ്ധ്യായം III വകുപ്പ് 10. 3 (i)-ഉം സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം XXI ഭാഗം-I വകുപ്പ് 2(2)-ഉം ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാലയുടെ സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗത്തിലുൾപ്പെട്ട ഒരംഗമുൾപ്പെടെ മൂന്ന് അംഗങ്ങളെ സെനറ്റിന്റെ ബാക്കിയുള്ള കാലയളവിലേക്ക് തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള നിയമസഭാംഗങ്ങളുടെ വോട്ടർപട്ടിക 2021, സെപ്റ്റംബർ 23-ാം തീയതി വ്യാഴം നിയമസഭാ വെബ്സൈറ്റിലും (www.niyamasabha.org) നിയമസഭാ സെക്രട്ടേറിയറ്റിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
വരണാധികാരി&
സെക്രട്ടറി, കേരള നിയമസഭ